പട്ടികജാതി വികസന കോർപ്പറേഷൻ പള്ളിക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1126. [1701] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ നിയോജക മണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

		രൂപ
(എ)	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള	
	വായ്പ പദ്ധതിപ്രകാരം	10,000
	മാർജിൻമണി പദ്ധതിപ്രകാരം	1,750
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	46,068
	ആകെ	57,818
(ബി)	വിദേശത്ത് ജോലി സമ്പാദിക്കുന്നതിന്	
	വായ്പ പദ്ധതി	1
	മാർജിൻമണി പദ്ധതി	3
	ഭവന നിർമ്മാണ പദ്ധതി	12
	ആകെ	16

പട്ടികജാതി വികസന കോർപ്പറേഷൻ പഴയകുന്നിൻമേൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1127. [1702] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ നിയോജക മണ്ഡലത്തിൽ പഴയകുന്നിൻമേൽ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

		രൂപ
(എ)	കൃഷിഭൂമി വായ്പാ പദ്ധതി	37,500
	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള	
	വായ്പാ പദ്ധതി	40,000
	മാർജിൻമണി പദ്ധതി	1,500
	ഭവന നിർമ്മാണ പദ്ധതി	44,784
	ആകെ	1,23,784

LIBRARY ARCHIVES Kerala Legislative Assembly